LIBRARY ARCHIVES Kerala Legislative Assembly

പി. എസ്. സി. പരീക്ഷാ നടത്തിപ്പിന്റെ സുരക്ഷിതത്വം

24 [1495] ശ്രീ. എ. കെ. ബാലൻ :
,, ടി. കെ. ദേവകുമാർ :
,, എം. വി. ജയരാജൻ :
,, പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. പരീക്ഷാ നടത്തിപ്പും റിക്രൂട്ട്മെന്റും സംബന്ധിച്ച് കഴിഞ്ഞ മൂന്ന് വർഷങ്ങളായി എന്തെല്ലാം പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഇത് എന്തുമാത്രം സഹായകരമാണെന്ന് വിശദമാക്കാമോ;

(ബി) പബ്ലിക് സർവീസ് കമ്മീഷന്റെ എഴുത്തു പരീക്ഷകൾ നടത്തുന്നതിനാവശ്യമായ സുരക്ഷാസംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള സംവിധാനമനുസരിച്ച് സംസ്ഥാനത്ത് മുഴുവനായി നടത്തുന്ന പരീക്ഷകൾക്ക് ആവശ്യമായ സുരക്ഷിതത്വം ഉറപ്പാക്കാനുള്ള സംവിധാനം പി.എസ്.സി.-ക്ക് ഉണ്ടോ;

(ഡി) ഇല്ലായെങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെയും പോലീസിന്റെയും സഹായം പി.എസ്.സി. തേടിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്ത് നിലപാട് സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) ചോദ്യപേപ്പർ സൂക്ഷിക്കുന്ന സ്കൂളുകളിൽ അവയുടെ സുരക്ഷിതത്വം ഉറപ്പാക്കുവാൻ പോലീസ് സഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(എഫ്) പി.എസ്.സി.-യുടെ സംവിധാനങ്ങൾ ഉപയോഗിച്ച് ചോദ്യപേപ്പർ ചോർച്ച തടയുന്നതിനും പരീക്ഷകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുതൽ (എഫ്) വരെ വിവരം ശേഖരിച്ചുവരുന്നു

പി. എസ്. സി.-യുടെ ചോദ്യപേപ്പർ ചോർച്ച

25 [1496] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. യുടെ ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് പോലീസ് എത്രപേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട് ഇവരുടെ പേർ വെളിപ്പെടുത്തുമോ;

(ബി) ഇവർ ഈ സംഭവത്തിനു മുൻപ് ഇത്തരം കേസ്സുകളിൽ ഉൾപ്പെട്ടിരുന്ന വരാണോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) കോഴിക്കോട് യുണിവേഴ്സിറ്റിയുടെ വിദൂര പഠന കേന്ദ്രം നടത്തിയ ബി. കോം പരീക്ഷയുടെ ചോദ്യപേപ്പർ ചോർച്ചയിൽ ഇപ്പോഴത്തെ കേസ്സിൽ അറസ്റ്റി ലായ ആരെങ്കിലും ഉൾപ്പെട്ടിരുന്നോ;

(ഡി) എങ്കിൽ ഇവർ ആരാണെന്നും ആ കേസുമായി ഇവർക്കുള്ള ബന്ധവും അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന മൂന്ന് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്:

1. വിജയകുമാർ
2. ബോബൻ
3. രമേഷ്കുമാർ

(ബി) ഈ പ്രതികൾ ഇതിനു മുൻപ് ഇത്തരം കേസുകളിൽ ഉൾപ്പെട്ടി രുന്നതായി അന്വേഷണത്തിൽ വെളിവായിട്ടില്ല.

(സി) കോഴിക്കോട് സർവ്വകലാശാലയുടെ വിദൂര പഠനകേന്ദ്രം ബി.കോം പരീക്ഷ നടത്തുന്നില്ല. ബി.എ/ബി.കോം (ഓപ്പൺ) എൻട്രൻസ് പരീക്ഷയ്ക്ക് കോമേഴ്സിന്റെ ഒരു പേപ്പർ മാത്രമാണ് വിദൂര പഠന വിഭാഗം നടത്തുന്ന പരീക്ഷ. ടി പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായി സർവകലാശാലയ്ക്കും പോലീസിനും പരാതിയൊന്നും ലഭിച്ചിട്ടില്ല.

(ഡി) സി. യുടെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. എന്നാൽ, പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

കോട്ടയം ജില്ലയിലെ എൽ. ഡി. സി. പരീക്ഷ

26 [1497] ശ്രീ. ബി. വിജയകുമാർ :
,, ടി. എൻ. പ്രതാപൻ :
,, വി. ഡി. സതീശൻ :
,, എൻ. ശക്തൻ :
,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം ജില്ലയിൽ ഇക്കഴിഞ്ഞ എൽ. ഡി. സി. പരീക്ഷയുടെ ചോദ്യ ക്കടലാസ് ചോർന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly